Janayugom 10-08-18, P-11

# കാർഷികമേഖലയിലും മഴക്കെടുതി; കേന്ദ്ര സംഘം ഇന്നെത്തും

തൃശൂർ: തോരാതെ പെയ്യുന്ന മഴയിൽ കുമിൾരോഗബാധയും അഴുകലുംമൂലം കാർഷികമേഖലയിലും വൻ നാശം. വാഴയും പച്ചക്കറിയും ഉൾപ്പെടെ ഓണകൃഷി പൂർണമായും വെള്ളത്തിലായി. നെല്ല്, തെങ്ങ്, കവുങ്ങ്, റബർ, ജാതി, ഇഞ്ചി തുടങ്ങി സർവകൃഷികളെയും തോരാമഴ തകർത്തു. വായ്പയെടുത്തും ഭൂമി പാട്ടത്തിനെടുത്തും കൃഷിയിറക്കിയ കർഷകർ ദുരിതത്തിലായി. കാലവർഷദുരിതം ഓണവിപണിയിൽ വൻ വിലക്കയറ്റത്തിനും വഴിവെക്കുമെന്നാണ് ആശങ്ക.

കാലവർഷക്കെടുതി ബാധിച്ച തൃശൂർ ജില്ലയിലെ വിവിധ പ്രദേശങ്ങൾ ഇന്ന് കേന്ദ്രസംഘം സന്ദർശിക്കുമെന്ന് ജില്ലാ കളക്ടർ ടി.വി. അനുപമ അറിയിച്ചു. രാവിലെ 9 മണിക്ക് ലുലു ഇന്റർനാഷണലിൽ ജില്ലാ കളക്ടറുമായി സംഘം കൂടിക്കാഴ്ച്ച നടത്തും. കേന്ദ്ര കാർഷിക മന്ത്രാലയം ഡയറക്ടർ ബി.കെ. ശ്രീവാസ്തവ, ഊർജവകുപ്പ് മന്ത്രാലയം ഡെപ്യൂട്ടി ഡയറക്ടർ നാർസിറാം മീണ, ഗതാഗതമന്ത്രാലയം റീജ്യണൽ ഓഫീസർ വി.വി. ശാസ്ത്രി എന്നിവർ അടങ്ങിയ കേന്ദ്രസംഘം ടീം രണ്ടാണ് ജില്ലയിലെ വിവിധ ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിക്കുക. തുടർന്ന് സംഘം എറണാകുളത്തേയ്ക്ക് തിരിക്കും. രാവിലെ 10 മണിമുതൽ വൈകീട്ട് 5 മണിവരെയാണ് സന്ദർശനം. കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി സെക്ഷൻ ഓഫീസർ സിജി എം തങ്കച്ചൻ കോ-ഓർഡിനേറ്റിംഗ് ഓഫീസറായി സംഘത്തെ അനുഗമിക്കും.

തോരാമഴയിൽ ജില്ലയിൽ നൂറുകണക്കിന് തെങ്ങുകളും കവുങ്ങുകളും കൂമ്പ് ചീഞ്ഞുനശിച്ചു. അതിജീവനശേഷിയുള്ള പനകളുടെ കൂമ്പരെ ചീഞ്ഞു. ജാതി, റബർ എന്നിവയുടെ ഇലകൾ പൂർണമായും പൊഴിഞ്ഞു. റബിന്റെ പാലുൽപ്പാദനം നിലച്ചു. കുരുമുളകിന് വൻതോതിൽ ദ്രുതവാട്ടമാണ് സംഭവിച്ചത്. ജില്ലയിൽ വ്യാപകമായി ഇക്കുറി ഇഞ്ചികൃഷിയിറക്കിയിരുന്നു. ഇതും വൻതോതിൽ നശിച്ചു. കൃമി,കീടരോഗ ബാധ നെൽകൃഷിയേയും ബാധിച്ചു. മുണ്ടകൻകൃഷി നശിച്ചു. വിരിപ്പുകൃഷിയേയും ബാധിച്ചു.

ജില്ലയിൽ വാഴകൃഷിക്കാണ് കൂടുതൽ നാശം സംഭവിച്ചത്. പാവൽ, പടവല, വെള്ളരി, പയർ, വെണ്ട, വഴുതന തുടങ്ങി പച്ചക്കറി കൃഷികൾക്കെല്ലാം കുമിൾബാധ പിടിപ്പെട്ടിട്ടുണ്ട്. വാഴകൾക്ക് മട അഴുകലാണ് സംഭവിച്ചത്. ഒരു ദിവസം കടയിൽ വെള്ളംനിന്നാൽ വാഴയുടെ വേര് ചീയും. വേരുചീഞ്ഞാൽ പുതിയത് വളരില്ല. ഇക്കുറി ദിവസങ്ങളോളം വാഴത്തോട്ടങ്ങളിൽ വെള്ളംകെട്ടിനിന്നതോടെ വൻ നാശം സംഭവിച്ചതായി റിപ്പോർട്ടുണ്ടെന്ന് കാർഷിക സർവകലാശാല അധികൃതർ പറഞ്ഞു.

പീച്ചിഡാം തുറന്നതോടെ പുഴയോട് ചേർന്നുള്ള നിരവധി തോട്ടങ്ങൾ വെള്ളത്തിലായി. മലയോരപ്രദേശങ്ങളിലെ തോട്ടങ്ങളിലെ വാഴകൾ കാറ്റിലും ഒടിഞ്ഞുവീണു. ഇതോടെ വൻ ദുരിതമാണുണ്ടായത്. ഓണത്തിന് ലക്ഷ്യംവച്ച് നട്ടുപടിപ്പിച്ച ആയിരക്കണക്കിന് നേന്ത്രവാഴകളാണ് കൂട്ടത്തോടെ നശിച്ചത്. ഭൂമി പാട്ടത്തിനെടുത്തും വായ്പയെടുത്തുമാണ് ഭൂരിഭാഗം കർഷകരും വാഴകൃഷിയിറക്കിയത്.

ഓണത്തിന് ജൈവപച്ചക്കറിയെന്നലക്ഷ്യവുമായി സർക്കാർ ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിപ്രകാരം ജില്ലയിൽ 4,12,850 പച്ചക്കറി വിത്ത് പായ്ക്കറ്റുകളും പത്ത് ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്തു. 87,500 ഗ്രോബാഗുകളും വിതരണം ചെയ്തു. ഹരിതകേരളം പദ്ധതിപ്രകാരം സ്കൂൾ വിദ്യാർഥികൾക്കായി 3,50,000 വിത്തുപായ്ക്കറ്റുകളും വിതരണം ചെയ്തു. ഇതിൽ ഭൂരിഭാഗവും ഒഴുകിപ്പോയി.